*Celebrating Extraordinary Missionary Month October 2019…*

**Tuesday, 15 October 2019**

ഏലിയാ സ്ലീവാ മൂശാകാലം

Jn 14:18-24

അന്ത്യ പ്രഭാഷണം

ആവിലായിലെ അമ്മ ത്രേസ്യയുടെ തിരുന്നാൾ

Fr. Winson Moyalan CMI

തന്റെ മരണം ആസന്നമായെന്ന  അവബോധത്തിൽ നിന്ന് ശിഷ്യർക്ക് നല്കുന്ന ഒരു ഉപദേശമാണ് ഇന്നത്തെ സുവിശേഷ പ്രമേയം.
അവസാനിപ്പിക്കാനുള്ള തല്ല മരണം യേശുവിന്; ആരംഭിക്കാനുള്ളതാണ്. ജീവിച്ചിരിക്കുന്ന യേശുവിനെക്കാൾ ശക്തമാണ് ഉത്ഥിതനായ യേശുവിന്റെ സാന്നിദ്ധ്യം. അത് തിരിച്ചറിയുന്നതിന് പരിശുദ്ധാത്മാവിനെ സ്വീകരിക്കേണ്ടിയിരിക്കുന്നു എന്നാണ് "അല്പസമയം കഴിഞ്ഞാൽ" എന്നത് കൊണ്ട് അർത്ഥമാക്കുന്നത്.
ഉത്ഥാനം ചെയ്ത യേശുവിനെ  ഉൾക്കൊണ്ട് ജീവിതത്തിൽ പ്രാവർത്തിക്കുമ്പോൾ യേശു  അവരിൽ ജീവിക്കും; അവരും യേശുവിൽ ജീവിക്കും (14:19).
പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിനോടുമുള്ള ഈ സഹവാസത്തിന് യേശു ആവശ്യപ്പെടുന്ന ഏക വ്യവസ്ഥ     "എന്നെ സ്നേഹിക്കുക" എന്നതാണ്.
ഈശോയെ സ്നേഹിക്കുന്നവർക്ക് മാത്രമേ സത്യ ദൈവത്തെ തിരിച്ചറിയാനാകൂ. അപ്പോൾ പിതാവ് അവനെ സ്നേഹിക്കുകയും അവനിൽ വാസമുറപ്പിക്കുകയും ചെയ്യും (14:23).
അവിടെ ദൈവവും മനുഷ്യനും ഒന്നായി തീരുന്നു. (അഹം ബ്രഹ്മാസ്മി) "ഞാൻ അകത്ത് പ്രവേശിച്ച് അവന്റെ കൂടെ  ഒരുമിച്ചിരുന്നു ഭക്ഷിക്കും" (Rev 3:20).
മനുഷ്യ ഹൃദയം  ദൈവഭവനമായി മാറുമ്പോൾ അവിടം സ്വർഗ്ഗം യാഥാർത്ഥ്യമാകുന്നു.
ഈ സ്വർഗ്ഗീയാനുഭവ ത്തെയാണ് മിസ്റ്റിസിസം എന്ന് വിളിക്കുന്നത്.
ജീവിച്ചിരിക്കുമ്പോൾ തന്നെ ഇത്  യാഥാർത്ഥ്യമാക്കിയ ലോക ചരിത്രത്തിലെ വിരളമായ വ്യക്തികളിൽ ഒരാളാണ് ഇന്ന് തിരുന്നാൾ അനുസ്മരിക്കുന്ന ആവിലായിലെ വി. അമ്മ ത്രേസ്യ.
ആത്മാവിന്റെ "രമ്യഹർമ്മ്യങ്ങളെ"ക്കുറിച്ച് അവൾ എഴുതുമ്പോൾ ഒരു ആത്മാവിന്റെ പടിപടിയായ ദൈവീക യാത്രയെക്കുറിച്ചും ആത്മാവ് ചെന്നെത്തുന്ന അന്ത്യഘട്ടത്തിൽ എകാരം ദൈവാത്മാവുമായി സാത്മ്യം പ്രാപിക്കുന്നുവെന്നും നാം അറിയുന്നു. ആത്മീയതയുടെ ഈ ഏഴ് പടികളും  താണ്ടി കടക്കാൻ ദൈവാനുഗ്രഹം കിട്ടിയ ഒരു വലിയ വിശുദ്ധയാണവൾ. അത് നമുക്കായി രേഖപ്പെടുത്തി വച്ചവൾ; തിരുസഭയിലെ വേദപാരംഗത; കർമ്മലീത്താ സഭയിലൂടെ തിരുസഭാ നവീകരണത്തിന് കാരണക്കാരിയായവൾ.അങ്ങനെ ഏറെ അപദാനങ്ങളുണ്ട് അവളുടെ ശിരസിൽ ചാർത്തി വയ്ക്കാൻ.

തിരുസഭയെ ആകമാനം നവീകരിക്കുവാനുള്ള വിളിയാണ് വി. അമ്മ ത്രേസ്യയിൽ നിക്ഷിപ്തമായിരുന്നത്. ഉറകെട്ടു പോയ ഉപ്പിനെ വീണ്ടും അവൾ ഉറയുള്ളതാക്കി.
വീണ്ടും ഒരു തിരുസഭാ നവീകരണത്തിന് സമയമായി (Re-evangelization) എന്ന് തോന്നിക്കുന്ന സംഭവ വികാസങ്ങളാണ് ചുറ്റും നടന്നുകൊണ്ടിരിക്കുന്നത്. ഒരു പുതിയ പ്രവാചകൻ ഉദയം ചെയ്യാൻ നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

*Published by*
CMI General Department of Evangelization and Pastoral Ministry